## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2928 — 10.5.2017- ൽ മറുപടിയ്ക്ക്

## പ്രവാസി നിയമ സഹായ സെൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>,, ആന്റണി ജോൺ<br>,, എ. എൻ. ഷംസീർ<br>,, എം. മുകേഷ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരളത്തിൽ നിന്നും ഗൾഫ് നാട്ടുകളിൽ ഉൾപ്പെടെ കുടിയേറുന്ന തൊഴിലാളികൾക്ക് കോടതി വ്യവഹാരങ്ങളും മറ്റ് നിയമക്കുരുക്കുകളും മൂലം നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) യാതൊരു നിയമസഹായവും ലഭിക്കാതെ നിസ്സഹായരായ പ്രവാസികൾ ജയിലുകളിൽ എത്തിപ്പെടുന്നതും കടുത്ത ശിക്ഷയ്ക്ക് ഇരയാകുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) പ്രവാസി നിയമ സഹായസെൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; ഇക്കാര്യത്തിൽ സർക്കാർ പരിഗണിച്ചുവരുന്ന നിർദ്ദേശങ്ങൾ വിശദമാക്കുമോ; മലയാളികളായ നിയമ വിദഗ്ധരുടെ സേവനം പ്രവാസികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നല്കുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവ് വഹിക്കുന്നതിലേയ്ക്കായി Pravasi Legal Assistance (പ്രവാസി |

നിയമ സഹായം) എന്ന പദ്ധതി നടപ്പിലാക്കുന്നു. നിയമ സഹായമാവശ്യമുള്ള പ്രവാസി മലയാളി, അവരുടെ കുടുംബാംഗങ്ങൾ, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, തുടങ്ങിയവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ വിദേശ രാജ്യങ്ങളിലെ എംബസിയ്ക്കും കേസ്സുകൾ റഫർ ചെയ്യാവുന്നതാണ്. എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ധർ നല്കുന്ന നിയമസഹായത്തിന് ചെലവാകുന്ന തുക പരമാവധി 2 ലക്ഷം രൂപ റി-ഇംബേഴ്സ്മെന്റായി നല്കും.

പ്രവാസി നിയമ സഹായ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര വിദേശ കാര്യ മന്ത്രാലയത്തിന്റെയും വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സികളുടെയും സഹകരണം അനിവാര്യമാണ്. പദ്ധതി നടത്തിപ്പിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നു വെങ്കിലും ആയത് ലഭ്യമായിട്ടില്ല. പ്രവാസി നിയമസഹായ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് വേണ്ടി ഈ സർക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ചു വരുന്നു.

- വിവിധ മലയാളി സംഘടനകൾ, വിദേശത്തുള്ള നോർക്ക റൂട്ട്സിന്റെ പ്രതിനിധികൾ, കൺസൾട്ടന്റ്മാർ എന്നിവർ മുഖാന്തിരം പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- സൗദി അറേബ്യയിലെ വിവിധ ഭാഗങ്ങളിലുള്ള കോടതികളിൽ പ്രാക്ടീസ് ചെയ്യാൻ അധികാരമുള്ളതും ജയിലുകൾ സന്ദർശിക്കാൻ അനുവാദമുള്ളതും, കൂടാതെ കേസിൽ അകപ്പെട്ടവരെ ഒരു രീതിയിലും ചൂഷണം ചെയ്യാതെ കേസുകൾ കൈകാര്യം ചെയ്യാൻ താത്പര്യ മനോഭാവമുള്ളതുമായ തദ്ദേശീയരായ അഡ്വക്കേറ്റുകളുടെ

സേവനം ആവശ്യമാണ്. ഇന്ത്യൻ എംബസ്സി, കോൺസുലേറ്റ് തുടങ്ങിയവ അപ്രകാരമുള്ള അഡ്വക്കേറ്റുകളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇപ്രകാരം എംപാനൽ ചെയ്ത നിയമ വിദഗ്ധരുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിച്ചുവരുന്നു. കൂടാതെ നോർക്ക റൂട്ട്സ് അംഗീകൃതമായ പ്രമുഖ സംഘടനകൾ മുഖേനെയോ നോർക്ക റൂട്ട്സ് പ്രതിനിധികൾ മുഖേനെയോ ഏറ്റവും ഉചിതരായ നിയമ വിദഗ്ധരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും നടപടി.

- ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ ആവശ്യമായ യോഗ്യതകളും മാനദണ്ഡങ്ങളും നിശ്ചയിച്ച ശേഷം നോർക്ക റൂട്ട്സ് അംഗീകൃത സംഘടനകൾക്ക് പദ്ധതിയുടെ വിവിധ വശങ്ങളെകുറിച്ചും പ്രവർത്തന രീതികളെക്കുറിച്ചും അവബോധം വരുത്തി അർഹതയുള്ള കേസുകൾ നോർക്ക റൂട്ട്സിനെ അറിയിച്ച് തുടർ നടപടികൾ ഏകോപിപ്പിക്കുന്നതിന് അവരെ ചുമതലപ്പെടുത്തുക.
- മലയാളികളായ നിയമ വിദഗ്ധരുടെ സേവനം ലഭ്യമാണെങ്കിൽ അവ ഏർപ്പാടാക്കാനുള്ള നടപടി.

സെക്ഷൻ ഓഫീസർ.